# ഇത്തിബാഅ്

**ഗ്രന്ഥകർത്താവ്:** ശൈഖ് ഫൈസൽ ഇബ്ൻ അലി അൽ ബുഅ്ദാനി
**ഗ്രന്ഥം:** الإتباع على ضوء الوحيين
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

നബിﷺയെ പിൻപറ്റൽ (ഇത്തിബാഅ്) ഇസ്‌ലാമിലെ അടിസ്ഥാനങ്ങളിലൊന്നത്രെ. മതത്തിൽ അനിവാര്യമായും അറിഞ്ഞിരിക്കേണ്ടതും അംഗീകരിക്കപ്പെടേണ്ടതുമായ മഹൽ സംഗതികളിലൊന്നുമത്രെ അത്. പ്രമാണങ്ങൾ തൽവിഷയത്തെ വ്യക്തമാക്കിയും ഉറപ്പിച്ചും ഒട്ടനവധി വന്നിരിക്കുന്നു.

**അല്ലാഹുﷻ പറയുന്നു :**

﴿ وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمۡ عَنۡهُ فَٱنتَهُواْ ﴾

**“നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക.....” (വി.ക്യു. 59:7)**

﴿ مَّن يُطِعِ ٱلرَّسُولَ فَقَدۡ أَطَاعَ ٱللَّهَۖ وَمَن تَوَلَّىٰ فَمَآ أَرۡسَلۡنَٰكَ عَلَيۡهِمۡ حَفِيظٗا ﴾

**“(അല്ലാഹുവിൻെറ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെമേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല.” (വി.ക്യു. 4:80)**

പക്ഷേ വസ്തുത ഇതായിട്ടുകൂടി, നബിചര്യയിൽ ജാഗരൂഗരായി ഗമിക്കുന്നതിൽ നിന്നും ഋജുമാർഗ്ഗത്തെ വിടാതെ പിന്തുടരുന്നതിൽ നിന്നും മുസ്‌ലിംകളിൽപ്പെട്ട ചില വിഭാഗങ്ങളുടെ മാർഗ്ഗഭ്രംശത്തെ അത് തടയിട്ടില്ല. അതിൽപിന്നെ ധാരണകൾ ചഞ്ചലിതമായി, കാൽപാദങ്ങൾ അടിപതറി. അതോടെ കാര്യങ്ങൾ വിശദീകരിക്കപ്പെടേണ്ട ആവശ്യകത ഗൗരവമാർന്നതും അനിവാര്യവുമായി വന്നിരിക്കുകയാണ്.

## ഇത്തിബാഉ (الاتباع) ൻെറ ഭാഷാർത്ഥം

ഭാഷയിൽ اتبع (ഇത്തബഅ) എന്ന ക്രിയയുടെ ക്രിയാധാതുവാണ് اتباع (ഇത്തിബാഅ്). ഒരു വസ്തുവിൻെറ പിന്നിൽ ചലിച്ചാൽ, പിന്തുടർന്നാൽ എന്നൊക്കെയാണതിൻെറ അർത്ഥം. اتباع (ഇത്തിബാഅ്) എന്ന പദം, എത്തിച്ചേരുക, അന്വേഷിച്ചു പിടിക്കുക, പിന്തുടരുക, മാർഗ്ഗം പിൻതുടരുക, മാതൃക സ്വീകരിക്കുക തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്നു. അറബിയിൽ

اتبع القرآن (ഇത്തബഅൽ ക്വുർആൻ) എന്ന് പറയും അഥവാ അയാൾ ക്വുർആനിനെ പിൻപറ്റി അതിലുള്ളതിനനുസരിച്ച് പ്രവർത്തിച്ചു. അപ്രകാരം إتبع الرسول (ഇത്തബഅർറസൂൽ) എന്ന് പറയും, അഥവാ റസൂൽﷺയെ പിൻപറ്റി, അദ്ദേഹത്തിൻെറ കാൽപ്പാടുകൾ അനുഗമിച്ചു, അദ്ദേഹത്തിൻെറ മാതൃക ഉൾക്കൊണ്ടു.

**ഇത്തിബാഇൻെറ സാങ്കേതിക അർത്ഥം**

വിശ്വാസ കാര്യങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും ഉപേക്ഷകളിലും നബിﷺയെ മാതൃകയാക്കുക, അനുധാവനം ചെയ്യുക എന്നതാണ് ഇത്തിബാഅ്. നബിﷺ പ്രവർത്തിച്ചപോലെ പ്രവർത്തിക്കുക, നിർബന്ധം സുന്നത്ത് അനുവദനീയം വെറുക്കപ്പെട്ടത് നിഷിദ്ധം തുടങ്ങിയ വിധികളിൽ നബിﷺ എന്താണോ താൽപര്യപ്പെട്ടത് അതിനനുസരിച്ച് പ്രവർത്തിക്കുക, പ്രവൃത്തികളിൽ സമ്പൂർണ്ണ നിയ്യത്തും ലക്ഷ്യവും ഉണ്ടാകുക, അപ്പോഴാണ് പ്രസ്തുത അനുധാവനം സാധ്യമാവുക.[1]

**വിശ്വാസകാര്യങ്ങളിലുള്ള ഇത്തിബാഅ്**

നബിﷺ വിശ്വസിച്ചതെല്ലാം ഒരാൾ വിശ്വസിക്കുക, വിശ്വസിക്കപ്പെടുന്ന കാര്യം നിർബന്ധമാണോ ബിദ്അത്താണോ ദീനിൻെറ അടിസ്ഥാനങ്ങളിൽപ്പെട്ടതാണോ ദീനിൻെറ അടിസ്ഥാനത്തെ തകർക്കുന്നതാണോ മതത്തിൻെറ പരിപൂർണ്ണതയെ കളങ്കപ്പെടുത്തുന്നതാണോ എന്നീ നിലക്കൊക്കെ നബിﷺ എങ്ങനെയാണോ വിശ്വസിച്ചത് അതേ രീതിയിൽ വിശ്വസിക്കുക, നബിﷺ വിശ്വസിച്ചു എന്നതു കാരണത്താൽ വിശ്വസിക്കുക; അപ്പോഴാണ് വിശ്വാസത്തിലുള്ള അനുധാവനം ഉണ്ടായിത്തീരുക.

**വാക്കുകളിലുള്ള ഇത്തിബാഅ്**

നബിﷺയുടെ വാക്കുകൾ എന്തൊന്ന് അന്വർത്ഥമാക്കുകയും താൽപര്യപ്പെടുകയും ചെയ്യുന്നുവോ അവ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലാണ് വാക്കുകളിലുള്ള ഇത്തിബാഅ് ഉണ്ടായിത്തീരുക. അതല്ലാതെ കേവലം വാക്കുകളുടെ ലിപികൾ ആവർത്തിച്ച് ഉരുവിടുക, പ്രമാണവചനങ്ങൾ ചൊല്ലിപ്പറയുക എന്നുള്ളതുകൊണ്ടല്ല.

ഉദാഹരണത്തിന്: നബിﷺ പറഞ്ഞു :

صَلُّوا كَمَا رَأَيْتُمُونِي أُصَلِّي

ഞാൻ എപ്രകാരം നമസ്ക്കരിക്കുന്നത് നിങ്ങൾ കണ്ടുവോ, അപ്രകാരം നിങ്ങൾ നമസ്കരിക്കുക.[2]

നബിﷺ യുടെ പ്രസ്തുത വാക്കിനെ ഇത്തിബാഅ് ചെയ്യൽ, നബിﷺ നമസ്ക്കരിച്ചതുപോലെ നമസ്ക്കരിക്കൽ കൊണ്ടാണ് സാധ്യമാവുക. നബിﷺ പറഞ്ഞു:

---

[1] ലിസാനുൽ അറബ് 1 :416,417, അൽ മുഅ്ജമുൽവസീത്ത്1:81

[2] ബുഖാരി 2 : 131,132,

[2] മുസ്ലിം : 44 : 1986

## لاَ تَحَاسَدُوا وَلاَ تَنَاجَشُوا

നിങ്ങൾ പരസ്പരം അസൂയ കാണിക്കരുത്, നിങ്ങൾ അന്യോന്യം കൃത്രിമമായി വിലകയറ്റി പറയരുത്.2

ഇവിടെ പ്രസ്തുതവാക്കിനെ ഇത്തിബാഉ ചെയ്യൽ അസൂയയും കൃത്രിമമായ വിലകയറ്റി പ്പറയലും ഉപേക്ഷിക്കൽ കൊണ്ടാണുണ്ടാവുക. നബിﷺ പറഞ്ഞു :

مَنْ سُئِلَ عَنْ عِلْمٍ عَلِمَهُ ثُمَّ كَتَمَهُ أُلْجِمَ يَوْمَ الْقِيَامَةِ بِلِجَامٍ مِنْ نَارٍ

ഒരാൾ, താൻ പഠിച്ച അറിവിൽനിന്ന് വല്ലതും ചോദിക്കപ്പെട്ടു, (ചോദിച്ചവനുനേരെ) താൻ മനസ്സിലാക്കിയത് മറച്ചു വെച്ചാൽ അവന് അന്ത്യനാളിൽ തീയിൽനിന്നുള്ള മുഖപ്പട്ട ധരി പ്പിക്കപ്പെടും.[3]

പ്രസ്തുത വചനത്തെ ഇത്തിബാഅ് ചെയ്യൽ ഉപകാരപ്രദമായതും ശരിയായതുമായ അറിവ് പ്രചരിപ്പിക്കൽ കൊണ്ടും ചോദിച്ചവർക്കുനേരെ അതു മറച്ചു വെക്കാതിരിക്കൽ കൊണ്ടുമാണുണ്ടായിത്തീരുക.

**പ്രവൃത്തികളിലുള്ള ഇത്തിബാഅ്**

നബിﷺ പ്രവർത്തിച്ചതുപോലെ, നബിﷺയുടെ പ്രവർത്തന മാർഗ്ഗേണ, നബിﷺ പ്രവർത്തിച്ചു എന്ന കാരണത്താൽ നാമും പ്രവർത്തിക്കൽ കൊണ്ടാണ് 'പ്രവൃത്തികളിലുള്ള ഇത്തിബാഅ്' സാധ്യമാവുക.

'നബിﷺ പ്രവർത്തിച്ചതുപോലെ' എന്ന് പറയാൻ കാരണം പ്രവൃത്തിയുടെ രൂപവും കോലവും വ്യത്യസ്ഥമായിക്കൊണ്ടൊരു ഇത്തിബാഅ് ഇല്ലതന്നെ.

'നബിﷺയുടെ പ്രവർത്തന മാർഗ്ഗേണ' എന്നു പറഞ്ഞാൽ, പ്രസ്തുത പ്രവർത്തനത്തിൻെറ ലക്ഷ്യത്തിലും നിയ്യത്തിലും നബിﷺയുടെ നിയ്യത്തിനോടും ലക്ഷ്യത്തോടും ആത്മാർത്ഥമായ പങ്കാളിത്തമുണ്ടാവുക, ചെയ്യുന്ന പ്രവർത്തനം നിർബന്ധമാണോ സുന്നത്താണോ എന്നതനുസരിച്ച് കർമ്മത്തെ നിർണ്ണയിക്കുക എന്നതാണ്. കാരണം പ്രവർത്തനം ഉപരി പ്ളവമായി പ്രവാചകൻﷺയുടെ പ്രവർത്തനത്തോട് ഒത്താലും നിയ്യത്തിലും ലക്ഷ്യത്തിലും വ്യത്യസ്ഥമായിക്കൊണ്ടൊരു അനുധാവനം ഇല്ല തന്നെ.

'നബിﷺ പ്രവർത്തിച്ചു എന്നത് കാരണത്താൽ' എന്നു നാം പറഞ്ഞതിൻെറ വിവക്ഷ, കർമ്മത്തിൻെറ രൂപവും ലക്ഷ്യവും യോജിച്ചുവന്നാലും ഉദ്ദേശം പ്രവാചകനെ അനുധാവനം ചെയ്യുക, മാതൃകയുൾക്കൊള്ളുക എന്നതായില്ലെങ്കിൽ ഒരിക്കലും അത് ഇത്തിബാഅ് ആകില്ല എന്നതാണ്.

പ്രവൃത്തിയിലുള്ള ഇത്തിബാഇനെ ഒന്നുകൂടി വിശദീകരിച്ചാൽ, നാം നോമ്പിൽ നബിﷺയെ ഇത്തിബാഅ് ചെയ്യാൻ ഉദ്ദേശിച്ചാൽ; അദ്ദേഹം എങ്ങനെയാണോ നോമ്പെടുത്തത് ആ

---

[3] അൽബാനി, സ്വഹീഹുത്തിർമിദി: 2135

രൂപത്തിൽ നോമ്പെടുക്കൽ അനിവാര്യമാണ്. അഥവാ അല്ലാഹുവിൻെറ സാമീപ്യം സിദ്ധിക്കാനെന്ന ഉദ്ദേശത്തോടെ പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ നോമ്പുമുറിക്കുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും ശരീരത്തെ പിടിച്ചു നിർത്തുക. ഒരാൾ നോമ്പ് മുറിക്കുന്ന ഏതാനും ചില കാര്യങ്ങളിൽനിന്ന് വിട്ടുനിന്നാൽ അയാൾ നബിﷺയെ ഇത്തിബാഅ് ചെയ്തവനാകില്ല. പകലിൻെറ കുറച്ചു സമയം മാത്രം അവയിൽ നിന്ന് വിട്ടുനിന്നാലും ഇത്തിബാഅ് ചെയ്തവനാകില്ല.

ലക്ഷ്യത്തിലും നാം നബിﷺ നോമ്പെടുത്ത അതേ മാർഗ്ഗേണ നോമ്പെടുക്കൽ അനിവാര്യമാണ്. അഥവാ നാം നമ്മുടെ നോമ്പുകൊണ്ട് അല്ലാഹുവിൻെറ പ്രീതി ലക്ഷ്യമിട്ട് ഉദ്ദേശത്തെ നിർണ്ണയിക്കുക, നിർബന്ധ നോമ്പുകൾ- അദാഅ്, ഖദാഅ്, നേർച്ചനേർന്ന നോമ്പ്- സുന്നത്ത് നോമ്പുകൾ എന്നിങ്ങനെ നബിﷺ ഏതൊരു കാരണത്താലാണോ നോമ്പെടുത്തത് അതേ ലക്ഷ്യത്തിൽ നോമ്പെടുത്ത് പ്രവൃത്തിയെ നിർണ്ണയിക്കുക. ഈ കാര്യങ്ങളാണ് 'നബിﷺ നോമ്പുനോറ്റ മാർഗ്ഗേണ നോമ്പെടുക്കൽ' എന്നത് കൊണ്ട് കാര്യമാക്കുന്നത്.[4]

നബിﷺ നോമ്പുനോറ്റു എന്നത് കാരണത്താലും നാം നോമ്പെടുക്കൽ അനിവാര്യമാണ്. അതിനാൽതന്നെ രണ്ടാളുകൾ അല്ലാഹുവിൻെറ കൽപനയെന്ന നിലക്കും റസൂൽﷺയുടെ ചര്യയെന്ന നിലക്കും ഒരു പ്രവൃത്തി ചെയ്യുന്നു. അവരിൽ ഒരാൾ തൻെറ ഉദ്ദേശത്തിലും രൂപത്തിലും നബിﷺയല്ലാത്ത മറ്റൊരാളെയാണ് (അയാൾ ചെയ്തു എന്ന കാരണത്താൽ) പിൻപറ്റുന്നതെങ്കിൽ അയാൾ നബിﷺയെ പിൻപറ്റിയവനാകില്ല.

**ഉപേക്ഷകളിൽ നബിﷺയെ പിൻപറ്റൽ**

നബിﷺ കയ്യൊഴിച്ചതെന്തോ അത്, ഏതൊരു രൂപത്തിലാണോ മാർഗ്ഗത്തിലാണോ ഉപേക്ഷിച്ചത് ആ രൂപത്തിൽ, അദ്ദേഹം ഉപേക്ഷിച്ചു എന്നത് കാരണത്താൽ നാമും കയ്യൊഴിക്കൽ കൊണ്ടാണ് ഉപേക്ഷകളിലുള്ള ഇത്തിബാഅ് സാധ്യമാവുക. പ്രവർത്തനത്തിലുള്ള ഇത്തിബാഇൽ പറയപ്പെട്ട നിബന്ധനകൾ തന്നെയാണ് ഉപേക്ഷകളിലും ഉള്ളത്. ഉദാഹരണത്തിന്: നബിﷺ സൂര്യോദയവേളകളിൽ നമസ്ക്കരിക്കുന്നത് ഉപേക്ഷിച്ചു. അപ്പോൾ നബിﷺയെ അനുഗമിക്കുന്നവർ ആ സമയത്ത് നബിﷺ ഉപേക്ഷിച്ച രീതിയിൽ അദ്ദേഹം ഉപേക്ഷിച്ചു എന്ന കാരണത്താൽ നമസ്കാരം ഉപേക്ഷിക്കണം.[5]

[4] നബിﷺക്ക് പ്രത്യേകമായി ഉദ്ദേശങ്ങളും പ്രവർത്തികളുടെ രൂപങ്ങളും സ്ഥിരപ്പെട്ടതായാൽ, അവയിൽ നബിﷺയെ (പിന്തുടർന്നുകൊണ്ട്) പങ്കുചേരൽ പാടുള്ളതല്ല. വിസ്വാലായ നോമ്പും (മുറിക്കാതെ തുടർച്ചയായി പിടിക്കുന്ന നോമ്പ്) രാത്രിനമസ്ക്കാരം നിർബന്ധമാണെന്നതും ഇതിനുള്ള ഉദാഹരണമാണ്. ഇത്തിബാഇൻെറ വിഷയം നബിﷺ സമുദായത്തിന് നിയമമാക്കിയ ലക്ഷ്യങ്ങളുമായും രൂപങ്ങളുമായും ബന്ധപ്പെട്ടവയിൽ മാത്രം പരിമിതപ്പെടുന്നു.

[5] ഇബ്നു തൈമിയ്യ, മജ്മൂഉൽ ഫതാവാ 10: 409. ഇമാം ആമിദി, അൽ ഇഹ്കാം 1:226-227